റിപ്പോർട്ട്

അഡ്വ. കെ.എൽ അബ്ദുസ്സലാം കണ്ണൂർ

# മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണ ചർച്ചകൾ മുന്നോട്ടു പോകണം




*ജസ്റ്റീഷ്യയുടെ മൂന്നാം ഘട്ട ചർച്ച കോഴിക്കോട് മലബാർ ഗൈറ്റ്സിൽ കേരളാ ഹൈക്കോടതി ജഡ്ജി പി.കെ അബ്ദുർറഹീം ഉദ്ഘാടനം ചെയ്യുന്നു*

**ജസ്റ്റീഷ്യ** തുടങ്ങിവെച്ച മുസ്‌ലിം വ്യക്തിനിയമത്തെക്കുറിച്ച ചർച്ചക്ക് ആവേശകരമായ സമാപ്തി. മൂന്ന് ഘട്ടങ്ങളിലായാണ് ചർച്ച നടന്നത്. ഇസ്‌ലാമിലെ വിവാഹം, ഇസ്‌ലാമിലെ വിവാഹ മോചനം, അനന്തരാവകാശ നിയമം ഇസ്‌ലാമിലും മുഹമ്മദൻ ലോയിലും എന്നീ തലക്കെട്ടുകളിൽ കോഴിക്കോട് വെച്ചായിരുന്നു ചർച്ചകൾ.

പൊതുവെ ഇന്ത്യൻ മുസ്‌ലിംകൾ ഗൗരവമായി എടുത്തിട്ടില്ലാത്ത ഒരു മേഖല യിലേക്കാണ് അഭിഭാഷക സംഘടന ജസ്റ്റീഷ്യ കടന്നുചെന്നത്. ഒട്ടുമിക്ക മുസ്‌ലിം സംഘടനകളുടേയും പൂർണ സഹകരണവും ഈ സംരംഭത്തിന് ലഭിച്ചു. മുസ്‌ലിം പേഴ്സനൽ ലോ എന്തെന്നറിയാതെ നട്ടംതിരിഞ്ഞു നടക്കുന്നതിന് അറുതിവരുത്തി ശരീഅത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്ന ഒരു ക്രോഡീകൃത നിയമസംഹിത ഉണ്ടാ കണമെന്ന് ചർച്ചകളിൽ പങ്കെടുത്ത നിയമജ്ഞരും പണ്ഡിതന്മാരും ചൂണ്ടിക്കാട്ടി.

ഒന്നാം ഘട്ട ചർച്ച ഉദ്ഘാടനം ചെയ്തത് മുൻ ഹൈക്കോടതി ജഡ്ജിയും കാർഷിക കടാശ്വാസ കമീഷൻ ചെയർമാനുമായ ജസ്റ്റിസ് അബ്ദുൽ ഗഫൂറായിരു ന്നു. രണ്ടാം ഘട്ട ചർച്ച ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ജസ്റ്റിസ് ഹാറൂൻ അൽ റഷീദും മൂന്നാം ഘട്ട ചർച്ച ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജി ജസ്റ്റിസ് സി.കെ അബ്ദുർറഹീമുമാണ് ഉദ്ഘാടനം ചെയ്തത്.

'അനന്തരാവകാശം ഇസ്‌ലാമിലും ഇന്ത്യൻ നിയമത്തിലും' എന്ന അവസാന വട്ട ചർച്ചയിൽ പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ഉയർന്നുവന്നത്:

1. ഒരു മുസ്‌ലിമിന്റെ ജീവിതകാലത്ത് മറ്റു മക്കൾ ജീവിച്ചിരിക്കെ മരണപ്പെട്ടു പോയ മക്കളുടെ മക്കൾക്ക് പിതാമഹന്റെ സ്വത്തിൽ അനന്തരാവകാശം നിഷേ ധിക്കുന്ന നിലവിലെ നിയമ വ്യവസ്ഥ ശരിയോ?

2. ആൺമക്കൾക്കും പെൺമക്കൾക്കും തുല്യ അവകാശം കൊടുക്കണമെന്ന ഭേദഗതി ആവശ്യമോ? വേണ്ടെങ്കിൽ എന്തുകൊണ്ട് ?

3. പെൺമക്കൾ മാത്രമുള്ളവരുടെ കാര്യത്തിൽ അവരെ ആൺമക്കളെ പോലെ കണക്കാക്കി മുഴുവൻ സ്വത്തും അവർക്ക് നൽകണമെന്ന ഭേദഗതി അനിവാര്യമോ? വേണ്ടെങ്കിൽ എന്തുകൊണ്ട്?

താത്ത്വികമായി മുസ്‌ലിം നിയമത്തിൽ അപാകതയില്ലെന്നും എന്നാൽ മുസ്‌ലിം വ്യക്തിനിയമത്തിന് കാലാനുസൃതമായ വിശകലനം സാധ്യമാണോ എന്ന് പണ്ഡിതന്മാർ ചിന്തിക്കണമെന്നും, അത്തരം വിശകലനങ്ങൾ നിയമത്തിന്റെ അടിസ്ഥാന തത്ത്വങ്ങളുടെ സീമകൾ ലംഘിച്ചുകൊണ്ടാവരുതെന്നും മൂന്നാം ഘട്ട ചർച്ച ഉദ്ഘാടനം ചെയ്ത് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.കെ അബ്ദുർ റഹീം അഭിപ്രായപ്പെട്ടു. ഇസ്‌ലാമിക നിയമത്തിൽ പൗത്രന്റെ അവകാശത്തെ കുറിച്ചു വ്യക്തമായി പറഞ്ഞിരിക്കെ, എന്തു കൊണ്ട് അതവർക്ക് കൊടുക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കുന്നില്ല എന്ന് അധ്യക്ഷത വഹിച്ച ജസ്റ്റീഷ്യ പ്രസിഡന്റ് അഡ്വ. അഹമ്മദ് കുട്ടി പുത്തലത്ത് ചോദിച്ചു. ജസ്റ്റീഷ്യയുടെ ശ്രമങ്ങളെ എല്ലാ മുസ്‌ലിം സംഘടന കളും സ്വാഗതം ചെയ്യുന്നുവെന്ന് പറഞ്ഞു കൊണ്ടാണ് ചർച്ചയുടെ മോഡറേറ്ററും സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ നേതാവും വേങ്ങര റയ്യാൻ കോളേജ് പ്രിൻസിപ്പലുമായ ചേരൂർ അബ്ദുള്ള മുസ്‌ലിയാർ തന്റെ പ്രസംഗം ആരംഭിച്ചത്. ഖുർആനിലും ഹദീസിലും വന്ന ദായക്രമം അതിന്റെ ശരിയായ അർഥത്തിൽ മനസ്സിലാക്കിയാൽ ശരിയാണെന്ന് ബോധ്യമാവുമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

'അനന്തരാവകാശം ഇസ്‌ലാമിക നിയമത്തിൽ' എന്ന പ്രബന്ധം ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയ ഡയറക്ടർ കെ. അബ്ദുല്ലാ ഹസൻ അവതരിപ്പിച്ചു: "ഇസ്‌ലാം സ്ത്രീകളോട് നീതി കാണിച്ചിട്ടില്ലെന്നാണ് പക്ഷപാതപരമായി ചിന്തിക്കുന്ന പാശ്ചാത്യരോടൊപ്പം ചില നിഷ്പക്ഷമതികളും വിചാരിക്കുന്നത്. സ്ത്രീയുടെ അനന്തരാവകാശ പ്രശ്നം ഇതിന് കാരണമായി അവരുന്നയിക്കുന്ന വിഷയങ്ങളി ലൊന്നാണ്. ഇസ്‌ലാമിക ശരീഅത്തനുസരിച്ച് സ്ത്രീക്ക് എപ്പോഴും പുരുഷന്റെ പാതി

മാത്രമേ അനന്തര സ്വത്തിൽ അവകാശം ലഭിക്കുന്നുള്ളൂവെന്നാണ് ഇവരുടെ വാദം. ഇതുപക്ഷേ ശരിയല്ല. ചില സന്ദർഭങ്ങളിൽ പുരുഷൻ സ്ത്രീയുടെ ഇരട്ടി അനന്തര മെടുക്കുന്നുവെന്നേ കവിഞ്ഞാൽ പറയാൻ കഴിയുകയുള്ളൂ. ഒരു പിതാവിന്റെ അനന്തരാവകാശികളായി പെൺകുട്ടികളും ആൺകുട്ടികളും ഒരുമിച്ചുവരുമ്പോൾ സ്ത്രീയുടെ ഇരട്ടി പുരുഷന് ലഭിക്കും. ഉദാഹരണമായി, മരണപ്പെട്ട പിതാവിന് ഒരു മകനും മകളും മാത്രമാണ് അവകാശികൾ. അനന്തര സ്വത്ത് മൂന്ന് ലക്ഷവും. എങ്കിൽ രണ്ട് ലക്ഷം മകനും ഒരു ലക്ഷം മകൾക്കും കിട്ടും. പക്ഷേ പ്രശ്നം അവിടെ അവസാനിക്കുന്നില്ല. പിന്നെ ആ സഹോദരിയെ സംരക്ഷിക്കേണ്ട ചുമതല ആർക്കാണ്? അവളുടെ താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങി അടിസ്ഥാനാവശ്യങ്ങൾ നിർവഹിക്കാനുള്ള ബാധ്യത സഹോദരനാണ്. പിന്നീട് അവളെ വിവാഹം ചെയ്ത് കൊടുക്കാനുള്ള ചെലവും അയാൾ വഹിക്കണം. അതായത് സഹോദരിയോടൊപ്പം തനിക്ക് വീതിച്ചു കിട്ടിയ ധനത്തിൽ പിന്നീട് സഹോദരി കൂടി തന്നോടൊപ്പം പങ്കാളിയാണ്. എന്നാൽ മറിച്ച് സഹോദരിയുടെ ധനത്തിൽ അവൻ പങ്കാളിയല്ല, അവനു വേണ്ടി തന്റെ കൈയിലുള്ള ധനം ചെലവാക്കാൻ നിയമപരമായി അവൾക്ക് ബാധ്യതയില്ലെന്നർഥം. സഹോദരനെ സംബന്ധിച്ചേടത്തോളം തനിക്കും തന്റെ ഭാര്യാ സന്താനങ്ങൾക്കുമുള്ള ചെലവ് ഇതിന് പുറമേയാണ്. മാത്രമല്ല, തന്റെ കുടുംബത്തിൽ സാമ്പത്തികവും ശാരീരിക വുമായി ദുർബലരായ മാതാവോ മാതൃസഹോദരനോ പിതാമഹനോ പിതൃ സഹോദരനോ ഉണ്ടെങ്കിൽ അവരുടെ സംരക്ഷണചുമതലയും ഈ സഹോദരൻ തന്നെ വഹിക്കണം. അതിനാൽ തനിക്ക് അനന്തരമായി ലഭിച്ച രണ്ട് ലക്ഷത്തിൽ സഹോദരി കൂടി പങ്കാളിയാകുമ്പോൾതന്നെ ഫലത്തിൽ അവനു ലഭിക്കുന്നത് ഒരു ലക്ഷമായി ചുരുങ്ങുന്നു. മറിച്ച് സഹോദരിക്ക് ലഭിക്കുന്നതാവട്ടെ ഫലത്തിൽ രണ്ട് ലക്ഷമായി വർധിക്കുകയും ചെയ്യുന്നു"

'അനന്തരാവകാശം മുഹമ്മദൻ ലോയിൽ' എന്ന തലക്കെട്ടിൽ അഡ്വ. എം.എം അലിയാർ അവതരിപ്പിച്ച പ്രബന്ധത്തിൽ, ബ്രിട്ടീഷ് ഭരണകാലത്ത് ആ ചാരങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിരുന്നതെന്നും ഹൈന്ദവ ആചാരങ്ങൾ ഭാഗി കമായി പിന്തുടർന്നു വന്നിരുന്ന ചില ഇന്ത്യൻ മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ അവരുടെ ആചാരങ്ങൾ അംഗീകരിച്ച് ബ്രിട്ടീഷ് കോടതികൾ ഇന്ത്യയിൽ വിധി നൽകിയിരുന്നുവെന്നും ചൂണ്ടിക്കാട്ടി.

തുടർന്ന് സംസാരിച്ച കെ.എൻ.എം (മർകസുദ്ദഅ്‌വ) സംസ്ഥാന സെക്രട്ടറി സി.പി ഉമർ സുല്ലമി, അനാഥകളെ സംരക്ഷിക്കാനോ ദുരിതങ്ങൾ അകറ്റാനോ ഉള്ളതല്ല അനന്തരാവകാശ നിയമമെന്നും ഇസ്‌ലാമിക നിയമം മറ്റു നിയമങ്ങളെ പോലെയല്ലെന്നും ബാധ്യതയും കടപ്പാടും നോക്കിയാണ് അവകാശക്രമം നിശ്ചയി ച്ചതെന്നും അതിനൊരു ധാർമിക സ്വഭാവമുണ്ടെന്നും അഭിപ്രായപ്പെട്ടു. പ്രകൃതി സ്ത്രീ കൾക്ക് നൽകിയ അതേ മാനദണ്ഡം തന്നെ ഇസ്‌ലാമും നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

*വിചിന്തനം* വാരിക എഡിറ്റർ ഇ.കെ.എം പന്നൂർ അനന്തരാവകാശ നിയമത്തിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലെന്നും, സ്ത്രീയും പുരുഷനും ഒരു പോലെയാണെന്ന് പറയുന്നത് അനിസ്‌ലാമിക ചിന്തയാണെന്നും, അല്ലാഹുവും പ്രവാചകനും പറഞ്ഞതിൽ യാതൊരു മാറ്റവും വരുത്താൻ നമുക്ക് പാടില്ലെന്നും അഭിപ്രായപ്പെട്ടു.

ഇസ്‌ലാമിക നിയമങ്ങളെ കുറിച്ച് പണ്ഡിതന്മാർക്ക് ചർച്ച ചെയ്യാം. എന്നാൽ ഖണ്ഡിതമായ നിയമങ്ങളിൽ പുനരാലോചന പാടില്ലെന്ന് ശാന്തപുരം അൽജാമിഅ അൽഇസ്‌ലാമിയാ റിസർച്ച് സെന്റർ ഡയറക്ടർ വി.കെ അലി അഭിപ്രായപ്പെട്ടു. മുസ്‌ലിം പേഴ്‌സനൽ ലോ ബോർഡിന് സ്റ്റാറ്റ്യൂറ്ററി പദവി നൽകണമെന്നും ഇത്തരം കാര്യങ്ങൾ സ്റ്റാറ്റ്യൂറ്ററി പദവിയുള്ള പേഴ്‌സനൽ ലോ ബോർഡാണ് കൈകാര്യം ചെയ്യേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സുന്നി എജ്യുക്കേഷൻ ബോർഡ് സെക്രട്ടറിയും കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പറുമായ പ്രഫ. എ.കെ അബ്ദുൽ ഹമീദ്, അല്ലാഹുവിന്റെ വിധിയാണ് പ്രധാനമെന്നും മറിച്ച് ചിന്തിക്കാൻ പാടില്ലെന്നും മൂന്ന് വിഷയത്തിലും ഭേദഗതിയില്ലാതെ മുന്നോട്ടു പോകണമെന്നും അഭിപ്രായപ്പെട്ടു.

കേരള മുസ്‌ലിം ജമാഅത്ത് പ്രസിഡന്റും സംസ്ഥാന ഹജ്ജ് കമ്മിറ്റി അംഗവുമായ കടക്കൽ അബ്ദുൽ അസീസ് മൗലവി, ഇസ്‌ലാമിക നിയമത്തിൽ അപാകതകൾ ഉണ്ടെന്ന് പറയുന്നവർ ഇസ്‌ലാമിന്റെ അവകാശങ്ങളെ കുറിച്ച് അറിയാത്തവരാണെന്ന് അഭിപ്രായപ്പെട്ടു. ജോർജ് ബർണാഡ് ഷാ പോലും ഇസ്‌ലാമിക അനന്തരാവകാശത്തെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. ഭാര്യയുടെ ഫിത്ർ സക്കാത്ത് പോലും കൊടുക്കേണ്ട ബാധ്യത ഭർത്താവിനാണെന്ന് പറയുന്ന ഇസ്‌ലാമിക നിയമത്തിൽ സ്ത്രീകൾക്ക് അവകാശം കുറഞ്ഞ് പോയി എന്നു പറയുന്നത് തെറ്റാണ്.

കെ.എൻ.എം സംസ്ഥാന സെക്രട്ടറി അഹമ്മദലി, ഇസ്‌ലാമിക അനന്തരാവകാശം ലോകം മുഴുവൻ സ്വീകരിക്കുകയാണെങ്കിൽ ഇവിടത്തെ മുഴുവൻ സാമ്പത്തിക പ്രശ്നങ്ങളും തീരുമെന്ന് വ്യക്തമാക്കി. ശരീഅത്തിനെതിരെ വാളോങ്ങുന്നത് കണ്ട് വേവലാതി വേണ്ടെന്നും ധനം നൽകിയവനാണ് ധനം എങ്ങനെ കൊടുക്കേണ്ടതെന്ന് തീരുമാനിക്കേണ്ടതെന്നും മറ്റാരും അത് പറയേണ്ടതില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇസ്‌ലാമിക നിയമം സമ്പൂർണമാണെന്നും ശരീഅത്തിനെക്കുറിച്ച തെറ്റിദ്ധാരണ നീക്കാൻ മുസ്‌ലിം സംഘടനകൾ കൂട്ടായ ശ്രമം നടത്തണമെന്നും ജ.ഇ സംസ്ഥാന ശൂറാംഗം ഹൈദറലി ശാന്തപുരം അഭിപ്രായപ്പെട്ടു.

*മാധ്യമം* പീരിയോഡിക്കൽസ് എഡിറ്റർ വി.എ കബീർ, അബൂസഹറ, എ.പി അബ്ദുർറഹിമാൻ ഫൈസി പാണമ്പ്ര, *പ്രബോധനം* എഡിറ്റർ ടി.കെ ഉബൈദ്, ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ സെക്രട്ടറി തൊടിയൂർ മുഹമ്മദ് കുഞ്ഞി മുസ്‌ലിയാർ, *അൽ ഇർഷാദ്* മാസിക എഡിറ്റർ പി.എം.കെ ഫൈസി, കുഞ്ഞുമുഹമ്മദ് പുലവത്ത്, ഡോ. എ.എ ഹലീം, അഡ്വ. മായൻ എന്നിവരും സംസാരിച്ചു.

ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ടി.കെ ഹുസൈൻ, വകുപ്പ് സെക്രട്ടറി എച്ച്. ഷഹീർ മൗലവി, കെ.എൻ.എം സ്റ്റേറ്റ് വൈസ് പ്രസിഡന്റ് അഡ്വ. എം. മൊയ്തീൻ കുട്ടി, എം.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അബ്ദുൽ കരീം, അഡ്വ. പുളിക്കൂൽ അബൂബക്കർ പങ്കെടുത്തു. ■